**BSNLEU • SNEA • BSNL CCLU**

# പ്രതികാര നടപടികൾക്കെതിരെ

## ഒക്ടോബർ 1 – പ്രതിഷേധ പ്രകടനം

## ഒക്ടോബർ 5 – സംസ്ഥാന കൺവെൻഷൻ

### തിരുവനന്തപുരം ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാൾ

### (പി & ടി ഹൗസിന് സമീപം)

### രാവിലെ 10 മണി

സഖാവെ, സുഹൃത്തെ,

അഴിമതി ആരോപിക്കപ്പെട്ട ചീഫ് ജനറൽ മാനേജർ എം.എസ്.എസ്.റാവുവിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ പ്രക്ഷോഭം സംഘടിപ്പിച്ചതിന്റെ പേരിൽ എംപ്ലോയീസ് യൂണിയന്റെയും എസ്.എൻ.ഇ.എ.യുടെയും സംസ്ഥാന-ജില്ലാ നേതാക്കളടക്കം പതിനഞ്ചുപേരെ സസ്പെന്റ് ചെയ്തിരിക്കുകയാണ്. മാത്രമല്ല, കള്ളപ്പരാതികളും, ചാർജ് ഷീറ്റുകളും ഇതിനകം നൽകിക്കഴിഞ്ഞു. ആക്രമണത്തിന്റെ നുണക്കഥകൾ ആവോളം പ്രചരിപ്പിക്കാനും ശ്രമം നടന്നുവരുന്നു. സമരം നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് ഇല്ലാതിരിക്കെ തന്നെ, സമരം നിരോധിച്ചുവെന്ന കള്ള പ്രചരണമാണ് അഴിച്ചുവിടുന്നത്.

ജനാധിപത്യപരമായ രീതിയിൽ പ്രതിഷേധിക്കുന്ന സംഘടനയുടെ നേതാക്കളെ തെരഞ്ഞുപിടിച്ച് നടപടിയെടുക്കാനുള്ള ആസൂത്രിതമായ ശ്രമം ആരംഭിച്ചപ്പോഴാണ് സംയുക്ത സമരസമിതി കൂടുതൽ ശക്തമായ പ്രതിഷേധ സമരങ്ങളിലേക്ക് നീങ്ങിയത്. മാത്രമല്ല, ഡയറക്ടർ സി.എഫ്.എ. ശ്രീ. എൻ.കെ. ഗുപ്ത നൽകിയ ഉറപ്പുകൾ കാറ്റിൽപ്പറത്തിക്കൊണ്ട് കൂടുതൽ പ്രതികാര നടപടികൾ സ്വീകരിക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തപ്പോഴാണ് സമരം ശക്തമായത്. പ്രതിഷേധിച്ച സംഘടനാ നേതാക്കൾക്കും, പ്രവർത്തകർക്കുമെതിരെ നിരവധി കള്ളപ്പരാതികളാണ് നൽകപ്പെട്ടിട്ടുള്ളത്. സംഘടനാ നേതാക്കളെയും പ്രവർത്തകരെയും സസ്പെന്റ് ചെയ്തുകൊണ്ട് തൊഴിലാളിവിരുദ്ധ നടപടികൾ തുടരെ തുടരെ ആരംഭിച്ചപ്പോഴാണ് സെപ്തംബർ 15 മുതൽ കേരളത്തിൽ നിസ്സഹകരണവും സത്യാഗ്രഹവും, സെപ്തംബർ 17 മുതൽ കോർപ്പറേറ്റ് ഓഫീസിനു മുമ്പിൽ അഖിലേന്ത്യാ നേതാക്കൾ അനിശ്ചിതകാല നിരാഹാരസമരവുമാരംഭിക്കാൻ തീരുമാനിച്ചത്.

കോർപ്പറേറ്റ് ഓഫീസിന്റെ ഉത്തരവുപോലും ലംഘിക്കുന്ന, തികഞ്ഞ ഏകാധിപത്യമനോഭാവത്തോടെ പ്രവർത്തിക്കുന്ന, അഴിമതി ആരോപിക്കപ്പെട്ട് "എഗ്രീഡ് ലിസ്റ്റിൽ" സ്ഥാനംപിടിച്ച എം.എസ്.എസ്.റാവു, കേരളത്തിന്റെ വികസനത്തിന് തടസ്സമാവുമെന്ന തിരിച്ചറിവായിരിക്കാം റാവുവിനെ സ്ഥലം മാറ്റിക്കൊണ്ട് ഉത്തരവിറക്കാൻ കോർപ്പറേറ്റ് ഓഫീസ് നിർബന്ധിതമായത്.

എം.എസ്.എസ്.റാവു "എഗ്രീഡ് ലിസ്റ്റിൽ" (വിജിലൻസ് കമ്മീഷണർ സി.ബി.ഐ.യു.മായി കൂടിയാലോചിച്ച് തയ്യാറാക്കുന്ന അഴിമതിക്കാരുടെ പട്ടിക) ഉൾപ്പെട്ടിട്ടുണ്ടെന്ന് സി.എ.ടി.യിലും, ഹൈക്കോട

Scanned by CamScanner

തിയിലും ബി.എസ്.എൻ.എൽ അഭിഭാഷകൻ വാദത്തിനിടെ വെളിപ്പെടുത്തിയത് അഴിമതിക്കെതിരെ നാം നടത്തിയ സമരങ്ങൾക്കുള്ള അംഗീകാരം തന്നെയാണ്. അഴിമതി അലങ്കാരമായി കൊണ്ടുനടക്കുന്നവർക്ക് മാത്രമെ എം.എസ്.എസ്. റാവുവിനെ പിന്തുണയ്ക്കാൻ കഴിയുകയുള്ളൂ. സി.എ.ടി. സ്റ്റേ നിഷേധിച്ചെങ്കിലും, തല്ക്കാലം തുടരാൻ അനുവദിക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചത്. എന്നാൽ ഹൈക്കോടതി ഉത്തരവ് വരുന്നതിന് മുമ്പ്തന്നെ എൽ. അനന്തറാം ചീഫ് ജനറൽ മാനേജരായി ചുമതലയേറ്റിട്ടുണ്ട്.

ഹൈക്കോടതിവിധിയുടെ പേരിൽ തിരിച്ചുവന്ന (കോർപ്പറേറ്റ് ഓഫീസ് ഉത്തരവില്ലാതെ) എം.എസ്.എസ്. റാവു കേരളത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാനാണ് ശ്രമിക്കുന്നത്. സസ്പെൻഷനുകളും, ചാർജ്ഷീറ്റുകളും, കള്ളപ്പരാതികൾക്കും പുറമെ, നിരവധി നേതാക്കൾക്കും പ്രവർത്തകർക്കുമെതിരെ ഡയസ്നോൺ അടിച്ചേൽപ്പിക്കുകയാണ്. ജൂലായ് മാസത്തിൽ നടത്തിയ ഉപവാസ സമരത്തിലും, ജൂലായ് 22, 23 തീയ്യതികളിലെ രാപ്പകൽ സത്യാഗ്രഹത്തിലും, അർഹതപ്പെട്ട അവധി നല്കിയിട്ടാണ് ജീവനക്കാർ പങ്കെടുത്തത്. എന്നാൽ അനുവദിക്കപ്പെട്ട അവധികൾ നിഷേധിച്ചുകൊണ്ട് ശമ്പളം തടഞ്ഞുവെക്കുകയാണ് ചെയ്യുന്നത്. കരാർ തൊഴിലാളികൾക്കെതിരെയും പ്രതികാര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കോടതി ഉത്തരവ് ലഭിച്ചതിന്റെ അഹന്തയിൽ സംഘടനാ നേതാക്കളെയും പ്രവർത്തകരെയും ശിക്ഷാ നടപടികൾക്ക് വിധേയമാക്കിയാൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുവാൻ സംയുക്ത സമരസമിതി തീരുമാനിച്ചിട്ടുണ്ട്. ആത്മാഭിമാനം പണയംവെക്കാതെ അഴിമതിക്കും തൊഴിലാളിവിരുദ്ധ നിലപാടുകൾക്കുമെതിരെയും, പാവപ്പെട്ട കരാർ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങൾക്ക് വേണ്ടിയും, തെറ്റായ നയങ്ങളിലൂടെ കേരളത്തിലെ ബി.എസ്.എൻ.എൽ.നെ തകർക്കാനുള്ള നടപടികൾക്കെതിരെയും ശക്തമായ സമരം നയിച്ചതുകൊണ്ടാണ് നേതാക്കളെയും പ്രവർത്തകരെയും സസ്പെന്റ് ചെയ്തത്. സസ്പെൻഷനുകളും, ചാർജ് ഷീറ്റുകളും കൊണ്ട് നേതാക്കളുടെയും പ്രവർത്തകരുടെയും ആത്മവീര്യം തകർക്കാൻ കഴിയില്ല. സംഘടനകളെ ഇല്ലാതാക്കാനും സാദ്ധ്യമല്ല. പോരാട്ടത്തിന്റെ കനൽ വഴികൾ താണ്ടിയവരാണ് സംഘടനകളുടെ നേതാക്കളും പ്രവർത്തകരും. ഭരണകൂടത്തിന്റെ പ്രതികാര നടപടികൾക്ക് മുമ്പിൽ മുട്ടുമടക്കാത്ത പാരമ്പര്യത്തിന്റെ നേരവകാശികളാണ്. "വെടിക്കെട്ടുകാരന്റെ മക്കളെ ഉടുക്ക്കൊട്ടി പേടിപ്പിക്കാൻ നോക്കേണ്ടതില്ലെ"ന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. പ്രതികാര നടപടികളുമായി മുന്നോട്ടുപോയാൽ ശക്തമായ സമരങ്ങളെ നേരിടേണ്ടിവരും. പ്രക്ഷോഭങ്ങളുടെ ആദ്യഘട്ടമായി **ഒക്ടോബർ 1** ന് കേരളത്തിലെ എല്ലാ ഓഫീസുകൾക്ക് മുമ്പിലും പ്രതിഷേധ പ്രകടനം നടത്തുന്നതാണ്.

## സംസ്ഥാന കൺവെൻഷൻ:

**2015 ഒക്ടോബർ 5** ന് തിരുവനന്തപുരത്ത് പി&ടി ഹൗസിന് സമീപമുള്ള ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ സംയുക്ത സമരസമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന **കൺവെൻഷൻ** ചേരുകയാണ്. **ഒക്ടോബർ 5 ന് രാവിലെ 10 മണിക്കാരംഭിക്കുന്ന കൺവെൻഷനിൽ ബി.എസ്.എൻ.എൽ.ഇ.യു. അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ: പി.അഭിമന്യു, എസ്.എൻ.ഇ.എ. അഖിലേന്ത്യാ ജനറൽസെക്രട്ടറി സ: കെ.സെബാസ്റ്റ്യൻ, ബി.എസ്.എൻ.എൽ. സി.സി.ഡബ്ല്യൂ.എഫ്. അഖിലേന്ത്യാ പ്രസിഡന്റ് സ: വി.എ.എൻ. നമ്പൂതിരി എന്നിവർ പങ്കെടുക്കും.** പ്രതികാര നടപടികൾക്കും, അഴിമതികൾക്കുമെതിരെ ശക്തമായ പ്രക്ഷോഭപരിപാടികൾക്ക് കൺവെൻഷൻ രൂപം നല്കുന്നതാണ്. മുഴുവൻ ജീവനക്കാരും ഓഫീസർമാരും, കരാർ തൊഴിലാളികളും കൺവെൻഷനിൽ പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

| | | |
|---|---|---|
| **ജോർജ് വർഗ്ഗീസ്** | **എൻ.ആർ. സോമശേഖരൻ നായർ** | **കെ. മോഹനൻ** |
| സർക്കിൾ സെക്രട്ടറി, SNEA | സർക്കിൾ സെക്രട്ടറി, BSNL CCLU | സർക്കിൾ സെക്രട്ടറി, BSNLEU |

# സംയുക്ത സമരസമിതി

തിരുവനന്തപുരം,

28-9-2015.



Scanned by CamScanner